ENTRI

1 Crore User Downloads

# CURRENT AFFAIRS 20 AUG 2024



രാജേഷ് കുമാർ സിങ്

### 2024 ഓഗസ്റ്റിൽ കേന്ദ്ര പ്രതിരോധവകുപ്പ് സെക്രട്ടറിയായി നിയമിതനായത്

**രാജേഷ് കുമാർ സിങ്**

---



### 2024 ഓഗസ്റ്റിൽ ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ (ഐഎസ്ആർഒ) ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് വിജയകരമായി വിക്ഷേപിച്ച ഭൗമ നിരീക്ഷണ ഉപഗ്രഹം

**EOS-08**

- സ്മാൾ സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിൾ - ഡി 3 (എസ്എസ്എൽവി - ഡി 3) ഉപയോഗിച്ചായിരുന്നു ഉപഗ്രഹ വിക്ഷേപണം.

---



പയേതുങ്താൻ ഷിനവത്ര

### തായ്‌ലൻഡിന്റെ പുതിയ പ്രധാനമന്ത്രിയായി നിയമിതയായത്

**പയേതുങ്താൻ ഷിനവത്ര**

- തായ്‌ലൻഡിന്റെ പ്രധാനമന്ത്രി സ്ഥാനത്തെത്തുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയും രണ്ടാമത്തെ വനിതയുമാണ് പയേതുങ്താൻ.
- പ്രധാനമന്ത്രിയായിരുന്ന സ്രദ്ദ തവിസിനെ അഴിമതിക്കേസിൽ സുപ്രീം കോടതി പുറത്താക്കിയതിനു പിന്നാലെയാണ് പുതിയ പ്രധാനമന്ത്രിയെ തിരഞ്ഞെടുത്തത്.

---

### ഐ.പി.എൽ മാതൃകയിൽ കേരള ക്രിക്കറ്റ് അസോസിയേഷൻ (കെ.സി.എ) സംഘടിപ്പിക്കുന്ന പ്രഫഷണൽ ക്രിക്കറ്റ് ലീഗ്

**കേരള ക്രിക്കറ്റ് ലീഗ് (കെ.സി.എൽ)**

- ബ്രാൻഡ് അംബാസിഡർ - മോഹൻലാൽ
- ലീഗിൽ മൊത്തം 6 ടീമുകൾ

---




### കൃഷി ഭവനുകളുടെ പ്രവർത്തന രീതികൾ മെച്ചപ്പെടുത്തി കർഷകർക്ക് ഏറ്റവും മികച്ച സേവനം ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി

**അനുഭവം**

- അസസ്മെന്റ് ഫോർ നർച്ചറിങ് ആന്റ് അപ് ലിഫ്റ്റിങ് ബെനിഫിഷ്യറി ഹാപ്പിനസ് ആൻഡ് അഗ്രികൾച്ചറൽ വിസിറ്റർ അസസ്മെന്റ് മെക്കാനിസം (അനുഭവം).
- കൃഷിഭവനുകളുടെ പ്രവർത്തനങ്ങൾ യഥാസമയം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമുള്ള കേന്ദ്രീകൃത സംവിധാനമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.